**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം -ഐടി വിദ്യാഭ്യാസം- ഹാർഡ് വെയർ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കുമുള്ള മുഴുവൻ പർച്ചേസുകൾക്കും ബാധകമാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (സാധാ)നം. 808/2012/പൊ.വി. തീയതി, തിരുവനന്തപുരം, 21/02/2012.

പരാമർശം:- 1) 9.11.2007 ലെ സർക്കാർ ഉത്തരവ് സാധാ നം. 5120/2007 പൊ.വി.വ

2) 30.10.2008 ലെ സർക്കാർ ഉത്തരവ് സാധാ നം.4795/2008/ പൊ.വി.വ

3) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 15.02.2012 തീയതിയിൽ എൻ. ഇ.പി.3/80281/07/ ഡി.പി.ഐ നമ്പർ നടപടിക്രമം

4) ഐ.ടി.അറ്റ് സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.02.2012 ലെ ITS/2012/02/1053 (2) നമ്പർ കത്ത്.

**ഉത്തരവ്**

ഒന്നാം പരാമർശ ഉത്തരവ് പ്രകാരം എം.പി, എം.എൽ.എ എൽ.എസ്.ജി. ഫണ്ടുകളുപയോഗിച്ച് കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങും വാങ്ങുന്നതു സംബന്ധിച്ച് ഐ.ടി. അറ്റ് സ്കൂളിനെ ചുമതലപ്പെടുത്തി ഉത്തരവായി. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 3-ാം പരാമർശ നടപടി ക്രമത്തിലൂടെ സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ ഉണ്ടായിരിക്കേണ്ട കുറഞ്ഞ സ്പെസിഫിക്കേഷൻ നൽകാവുന്ന പരമാവധി വില, വിതരണക്കാരൻ നൽകേണ്ട സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. 4-ാം പരാമർശ കത്തിലൂടെ ഐ.ടി. സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി. അറ്റ് സ്കൂളിന്റെ ഐ.സി.ടി അറ്റ് സ്കൂൾ സ്കീമിനു കീഴിൽ സർക്കാർ ചുമതലപ്പെടുത്തിയ വിദഗ്ധരായ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ കെൽട്രോൺ ദേശീയ ടെണ്ടർ വഴി ബൾക് പർച്ചേസ് നടത്തി ലഭിച്ച വില-വിശദാംശങ്ങളുടെ അടിസ്ഥാനത്തിലുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 3-ാം പരാമർശ നടപടി പൊതു വിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ലഭ്യമാക്കാമെന്ന് കെൽട്രോൺ സമ്മതിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഐ.ടി. അറ്റ് സ്കൂളിന്റെ ഐ.സി.ടി അറ്റ് സ്കൂൾ സ്കീമിനു കീഴിൽ സർക്കാർ ചുമതലപ്പെടുത്തിയ വിദഗ്ധരായ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ കെൽട്രോൺ ദേശീയ ടെണ്ടർ വഴി ബൾക് പർച്ചേസ് നടത്തി ലഭിച്ച വില-വിശദാംശങ്ങളുടെ അടിസ്ഥാനത്തിലുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 3-ാം പരാമർശ നടപടിക്രമം/ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും, ഓഫീസുകൾക്കുമുള്ള മുഴുവൻ പർച്ചേസുകൾക്കും ബാധകമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം. ശിവശങ്കർ**

**സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം.

ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.ഐ.ഇ.ടി, വഴുതയ്ക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, സീമാറ്റ്, അട്ടക്കുളങ്ങര, തിരുവനന്തപുരം.
ഡയറക്ടർ, കെ.എസ്.എൽ.എം.എ.
ഡയറക്ടർ, കെ.എസ്.എം.എസ്.കെ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ട്, തിരുവനന്തപുരം.
നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ